# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്‌ടോബർ 9, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**സൗജന്യ കുടിവെള്ള വിതരണം**

*61 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരണമെങ്കിൽ അടിയന്തര സഹായം ആവശ്യമാണെന്ന് ജല അതോറിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൽ ജീവൻ മിഷൻ പ്രകാരം നിലവിൽ എത്ര കുടുംബങ്ങൾക്കാണ് ഇപ്രകാരം സൗജന്യ കുടിവെള്ളം നൽകുന്നത്; സൗജന്യ കുടിവെള്ള പദ്ധതിയിൽനിന്നും പിന്മാറേണ്ടി വരുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതി തുടരുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**ഭൂമിയുടെ അവകാശികൾ**

*62 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ ഭൂമിയുടെ അവകാശികളാക്കി മാറ്റുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും രാജ്യത്തെ പൊതു സ്ഥിതിയിൽ നിന്നും വ്യത്യസ്തമായി അവരെ പൊതു സമൂഹത്തിനൊപ്പം ചേർത്തു നിർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## <u>സിനിമ സെറ്റുകളിൽ ആഭ്യന്തര പരാതി പരിഹാര സമിതികൾ</u>

*63 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയൽ' നിയമപ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാര സമിതികൾ സിനിമ സെറ്റുകളിൽ രൂപീകരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന് ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടില്ലെങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>പട്ടികവർഗ്ഗ വിഭാഗത്തിന് ഉന്നതവിദ്യാഭ്യാസത്തിനുള്ള സഹായം</u>

*64 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തും വിദേശത്തുമുള്ള സർവകലാശാലകളിൽ ഉന്നത വിദ്യാഭ്യാസം തേടുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ലോജിസ്റ്റിക്ക് പിന്തുണയും നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആധുനിക നൈപുണ്യവികസന പരിശീലനം നൽകി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

*65 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വനാതിർത്തിയിലെ ജനവാസ മേഖലയിലുള്ളവർക്ക് പ്രത്യേക ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വനാതിർത്തിക്കടുത്ത് ജനവാസമേഖലയിൽ എത്തുന്ന വന്യമൃഗങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ദുർബല പുനരധിവാസ പദ്ധതി

*66 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ മുഖേന 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ എത്ര വീതം ഭവനങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി 'ദുർബല പുനരധിവാസ പദ്ധതി' പ്രകാരം എന്തു തുക അനുവദിച്ചുവരുന്നുവെന്ന് വിശദമാക്കുമോ;

(സി) ലൈഫ് മിഷൻ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാസഹായം

*67 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് മുഖേന നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്ക് പണം അനുവദിക്കുന്ന പദ്ധതിയിൽ ക്രമക്കേടുകൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചികിത്സാസഹായം ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനെത്തുടർന്ന് പണം വാങ്ങി നൽകാമെന്ന് വാഗ്ദാനം ചെയ്ത് തുക തട്ടിയെടുക്കുന്നതും അനർഹർ ചികിത്സാസഹായം കൈപ്പറ്റുന്നതും ഉൾപ്പെടെയുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സയ്ക്കുവേണ്ട പണം ആദ്യം സ്വന്തം നിലയ്ക്ക് കണ്ടെത്തണമെന്നതിനാൽ കൂടുതൽ പേർ ചികിത്സ തേടാതെ പോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ചികിത്സാസഹായ പദ്ധതി കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ കയ്യേറ്റങ്ങൾ</u>

*68 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി, മാഫിയകൾ കയ്യേറുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും ആദിവാസി ഭൂമി അർഹതപ്പെട്ടവർക്ക് തിരികെ ലഭിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

*69 **ശ്രീമതി ദെലീമ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യോല്പാദനം വർദ്ധിപ്പിക്കാനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാനും നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വളർച്ചയെത്താത്ത കടൽമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കാൻ മത്സ്യ ഇനങ്ങളുടെ വലിപ്പം നിജപ്പെടുത്തി വിജ്ഞാപനം ചെയ്യതുമൂലം ചെറുമത്സ്യ ചൂഷണം തടയാനും അതുവഴി മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് നേടാനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കടലിന്റെ അടിത്തട്ടിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കംചെയ്യാൻ ആരംഭിച്ച ശുചിത്വ സാഗരം പദ്ധതിയുടെ വിശദാംശം നല്കുമോ?

## സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

*70 **ശ്രീ. പി. ടി. എ. റഹീം**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ പൈലറ്റ് പദ്ധതിയായ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം വേഗത്തിലാക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് അധിനിവേശ സസ്യങ്ങൾ ഒഴിവാക്കി ഫല-ഔഷധ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാതിരിക്കുവാൻ ചെറുതടയണകളിലെയും ചെക്ക് ഡാമുകളിലെയും വയലുകളിലെയും ചെളി നീക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പ്രളയം നിയന്ത്രിക്കാൻ സംഭരണശേഷി കൂടിയ ഡാമുകൾ

*71 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ലെ പ്രളയത്തിന്റെയും അതിനുശേഷം നിരന്തരമായി ഉണ്ടാകുന്ന മഴയുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ജല കമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ അണക്കെട്ടുകൾ നിർമ്മിക്കാനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികളെയാണ് സാധ്യതാപഠനത്തിനായി നിയോഗിച്ചതെന്നും പ്രസ്തുത ഏജൻസികൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുതിയ ഡാമുകൾ നിർമ്മിക്കുന്നതിനായി

എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ജലാശയങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന

*72 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരകമായ അമീബിക് മസ്തിഷ്കജ്വരം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ചെറുതും വലുതുമായ എല്ലാ ജലാശയങ്ങളിലെയും ജലപ്രവാഹങ്ങളിലെയും വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ട സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ സർക്കാർ വകുപ്പുകൾ ശേഖരിച്ച് നൽകുന്ന ജല സാമ്പിളുകൾ പരിശോധിക്കുന്നതിനുപരിയായി സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലെയും ജല സാമ്പിളുകൾ സ്വന്തം നിലയിൽ ശേഖരിച്ച് പരിശോധന നടത്തുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) ഇത്തരത്തിൽ ഗുണനിലവാര പരിശോധന പൂർത്തീകരിച്ച ജലസ്രോതസ്സുകളെ ജലഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിങ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വാട്ടർ തീം പാർക്കുകളിൽ ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പ്രതിദിനം ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

## ആദിവാസികൾക്ക് നീതി ഉറപ്പാക്കാൻ നടപടി

*73 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലകളിൽ താമസിക്കുന്ന ആദിവാസികളുടെ ശ്മശാനം, ക്ഷേത്രം എന്നിവിടങ്ങളിലേക്കുള്ള വഴി അടച്ചുകെട്ടി അവരുടെ വാസസ്ഥലങ്ങളിൽ നിന്നും ഒഴിഞ്ഞുപോകാൻ ഭൂമാഫിയ സംഘങ്ങൾ ആവശ്യപ്പെടുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിൽ വ്യാജ രേഖകൾ ഉണ്ടാക്കി ഭൂമി തട്ടിയെടുക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ആദിവാസികൾക്ക് നീതി ഉറപ്പാക്കാനും ജീവനും സ്വത്തിനും സംരക്ഷണം നൽകാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## സുസ്ഥിര മത്സ്യലഭ്യത ഉറപ്പാക്കാൻ നടപടി

*74 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതീരത്ത് മത്സ്യലഭ്യത സുസ്ഥിരമായി നിലനിർത്തുന്നതിന് ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ ഇനങ്ങളിൽപ്പെട്ട മത്സ്യത്തിന്റെ അളവ്, പ്രത്യുല്പാദന നിരക്ക്, മരണനിരക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ അളവും മത്സ്യബന്ധന രീതികളും നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വലിയൊരു വിഭാഗം മത്സ്യ ഇനങ്ങളുടെയും പ്രജനനകാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതുകൊണ്ട് മത്സ്യസമ്പത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സമുദ്രത്തിന്റെ അടിത്തട്ടിലെ മത്സ്യ പ്രജനനകേന്ദ്രങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>വനാവകാശ നിയമം</u>

*75 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. രാജ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം സംസ്ഥാനത്ത് എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമപ്രകാരം വ്യക്തിഗത-സാമൂഹിക-വികസന അവകാശങ്ങൾ പട്ടികവർഗ്ഗ ജനവിഭാഗത്തിന് എത്രത്തോളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന അറിയിക്കുമോ;

(സി) പ്രസ്തുത ജനവിഭാഗത്തിന് ലഭ്യമാക്കിയ വ്യക്തിഗതാവകാശ ഭൂമിയിൽ അവരുടെ ജീവസന്ധാരണത്തിനായി പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത നടപടിക്കായി സബ് പ്ലാൻ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി</u>

*76 **ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട നിലയിൽ ഇൻറർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒപ്റ്റിക്കൽ ഫൈബർ കണക്ഷനിലൂടെ കണക്ടിവിറ്റി ഉറപ്പാക്കാൻ കഴിയാത്ത മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ച് തടസ്സരഹിതമായ 5ജി കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന് ഏതെല്ലാം ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>കൃത്രിമപ്പാര് പദ്ധതി</u>

*77 **ശ്രീ എം മുകേഷ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യ ലഭ്യതയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന കൃത്രിമപ്പാര് (റീഫ് ) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും എവിടെയെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കൃത്രിമപ്പാരുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ</u>

*78 **ശ്രീ എം നൗഷാദ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് അടിസ്ഥാനസൗകര്യങ്ങളും അവരുടെ മാനവശേഷി വികസനവും ഉറപ്പാക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്നും ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ?

## സംസ്ഥാന ടെലിവിഷൻ അവാർഡ്

*79 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടെലിവിഷൻ അവാർഡിനായി രചനാ വിഭാഗത്തിൽ വേണ്ടത്ര എൻട്രികൾ ലഭിക്കാത്തത് മൂലം അവാർഡ് നൽകാൻ കഴിയാത്ത സ്ഥിതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) വേണ്ടത്ര എൻട്രികൾ ലഭിക്കാത്തതിനാൽ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം ജൂറി മുന്നോട്ട് വച്ചിട്ടുണ്ടോ; സർക്കാർ അത്തരത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം എന്തൊക്കെയാണ്; ഇല്ലെങ്കിൽ അത്തരം നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിദ്യാർത്ഥികൾക്കുള്ള സഹായം

*80 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള സഹായങ്ങൾ പുതിയ മേഖലയിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ;

(സി) ഈ പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനം

*81 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. നന്ദകുമാർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വകുപ്പിന്റെ ഏതൊക്കെ ഹാച്ചറികളാണ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ-ന് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കൈമാറിയ ഹാച്ചറികളുടെ പ്രവർത്തനക്ഷമത വർദ്ധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കാൻ നടപടി**

*82 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ നീതിപൂർവ്വവും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതി നടത്തിപ്പ് വേഗത്തിൽ പൂർത്തിയാക്കുന്നതിന് ക്രിയാത്മകമായ നടപടികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിരീക്ഷണ സമിതികളെ ക്രിയാത്മകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**പ്രീമെട്രിക്ക്/പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നവീകരണം**

*83 **ശ്രീ. എ. രാജ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്ക്/പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ നവീകരണത്തിനായി യുണിസെഫ് നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

**ഹേമ കമ്മിറ്റി റിപ്പോർട്ട്**

*84 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും സുരക്ഷയും തുല്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സിനിമാ മേഖലയിൽ വനിതകൾ അഭിമുഖീകരിക്കുന്ന ദുരനുഭവങ്ങൾ തടയുന്നതിനും സിനിമാ മേഖലയുടെ ശുദ്ധീകരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>കുടിവെള്ള വിതരണം മുടങ്ങിയതിനെതിരെ നടപടി</u>

*85 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ അലൈൻമെന്റ് മാറ്റുന്ന ജോലികൾ സമയബന്ധിതമായി പൂർത്തിയാകാത്തതിനെത്തുടർന്ന് അഞ്ച് ദിവസത്തോളം തിരുവനന്തപുരം നഗരത്തിൽ ജലവിതരണം മുടങ്ങിയ സംഭവം ഗൗരവമായി പരിശോധിക്കുമോ;

(ബി) ഇത്തരം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ അലംഭാവം കാട്ടിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>മത്സ്യബന്ധന മേഖലയിലെ നിയമലംഘനങ്ങൾ</u>

*86 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ട്രോളർ ബോട്ടുകളിൽ ദൂരപരിധി ലംഘിച്ച് തീരത്തോടടുത്ത ഭാഗത്തുനിന്ന് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ വംശനാശത്തിന് ഇടയാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**നദികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കാൻ നടപടി**

*87 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷികമേഖലയിൽ കൂടുതൽ ജലസേചനസൗകര്യം ഒരുക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) പൂർത്തിയാകാത്ത ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ജലസേചനത്തിനുള്ള കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**സാമൂഹ്യ വനവൽക്കരണം**

*88 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ചന്ദന മരങ്ങൾ നട്ടുവളർത്താൻ അനുമതി ലഭ്യമാക്കുമോ;

(സി) സ്കൂൾ കുട്ടികൾക്ക് വർഷംതോറും വിതരണം ചെയ്യുന്ന പാഴ്മരങ്ങളുടെ തൈകൾക്ക് പകരം ഫലവൃക്ഷത്തൈകൾ നൽകാൻ സാധിക്കുമോ; വിശദമാക്കാമോ;

(ഡി) വനംവകുപ്പിന്റെ കീഴിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുവളർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതി**

*89 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ മേഖലകളിൽ ഓണറേറിയത്തോടെ തൊഴിൽ പരിശീലനവും ഇന്റേൺഷിപ്പും നൽകുന്ന ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതി വഴി നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായവർക്ക് നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്, എത്ര വർഷത്തേക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) ഇതിലൂടെ പട്ടികവിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് മികച്ച തൊഴിൽ പരിചയവും നൈപുണ്യവും ലഭിക്കുമെന്നതിനാൽ വിവിധ സർക്കാർ/സ്വകാര്യ/വിദേശ മേഖലകളിൽ സ്ഥിരനിയമനത്തിന് അവസരമൊരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>തീരദേശ വികസനവും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും</u>

*90 **ശ്രീ. എച്ച്. സലാം**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പഠിക്കാനും പരിഹരിക്കുന്നതിനുമായി തീരദേശ മണ്ഡലങ്ങളിൽ സംഘടിപ്പിച്ച തീരസദസ്സിലൂടെ ലഭിച്ച നിർദ്ദേശങ്ങളിലും അപേക്ഷകളിലും സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) തീരദേശ വികസനത്തിനായി 2024-25 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും തീരദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണുള്ളതെന്നും ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഒക്ടോബർ 1, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].